ഭക്ഷണം തയ്യാറാക്കുന്നതിലും വിതരണം ചെയ്യുന്നതിലും ശുചിത്വ മാനദണ്ഡങ്ങൾ കർശനമായി പാലിക്കേണ്ടതിന്റെ ആവശ്യകത അദ്ദേഹം വിശദീകരിച്ചു.തീർത്ഥാടന പാതയിലെ ഭക്ഷണശാലകൾ, ഹോട്ടലുകൾ, വ്യാപാരസ്ഥാപനങ്ങൾ, കുടിവെള്ള വിതരണ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ ആരോഗ്യശുചിത്വ മാനദണ്ഡങ്ങൾ കർശനമായി പാലിക്കുന്നതിന് ആവശ്യമായ ബോധവൽക്കരണവും പരിശോധനകളും നടത്തും. ഭക്ഷണം പാകം ചെയ്യുന്നവരും വിതരണം ചെയ്യുന്നവരും കൈകാര്യം ചെയ്യുന്നവരും വ്യക്തിശുചിത്വം കർശനമായി പാലിക്കണം. ഭക്ഷണം കൈകാര്യം ചെയ്യുന്ന എല്ലാ ജീവനക്കാർക്കും ഹെൽത്ത് കാർഡ് നിർബന്ധമായും ഉണ്ടായിരിക്കണം. പാചകത്തിലും ഭക്ഷ്യ വിതരണത്തിലും ഏർപ്പെടുന്നവർ വൃത്തിയുള്ള വസ്ത്രം ധരിക്കുന്നതിനൊപ്പം തലമുടി ഭക്ഷണത്തിൽ വീഴുന്നത് ഒഴിവാക്കാൻ ക്യാപ് നിർബന്ധമായും ഉപയോഗിക്കണം. ഭക്ഷണം കൈകാര്യം ചെയ്യുന്നവർ കൈകൾ സോപ്പുപയോഗിച്ച് ഇടയ്ക്കിടെ കഴുകുകയും ആവശ്യമായ ഘട്ടങ്ങളിൽ വൃത്തിയുള്ള ഡിസ്പോസിബിൾ ഗ്ലൗസുകൾ ധരിക്കുകയും വേണം. ഭക്ഷണം വിളമ്പുന്നതിനും നേരിട്ട് കൈകൊണ്ട് സ്പർശിക്കാതെ അനുയോജ്യമായ ഉപകരണങ്ങൾ ഉപയോഗിക്കണം. പാചകപ്പുരകളും ഭക്ഷണം തയ്യാറാക്കുന്ന സ്ഥലങ്ങളും പരിസരവും എപ്പോഴും വൃത്തിയായി സൂക്ഷിക്കണം. തറയിൽ വെള്ളവും മലിനജലവും കെട്ടിനിൽക്കാൻ അനുവദിക്കരുത്. ഭക്ഷണാവശിഷ്ടങ്ങളും മറ്റ് മാലിന്യങ്ങളും നിക്ഷേപിക്കുന്നതിന് അടപ്പുള്ള വേസ്റ്റ് ബിന്നുകൾ നിർബന്ധമായും ഉപയോഗിക്കുകയും അവ നിറയുന്നതിന് മുമ്പ് കൃത്യമായി നീക്കം ചെയ്ത് ശാസ്ത്രീയമായി സംസ്കരിക്കുകയും വേണം. പാചകത്തിനായി ഉപയോഗിക്കുന്ന പച്ചക്കറികൾ ശുദ്ധജലത്തിൽ നന്നായി കഴുകി വൃത്തിയാക്കിയ ശേഷം മാത്രം ഉപയോഗിക്കണം. അഴുകിയതും കേടുപാടുകൾ സംഭവിച്ചതുമായ പച്ചക്കറികളും പഴവർഗങ്ങളും ഭക്ഷ്യവസ്തുക്കളും യാതൊരു കാരണവശാലും പാചകത്തിന് ഉപയോഗിക്കരുത്. കേടായവ ഉടൻ നീക്കം ചെയ്യുകയും നല്ല പച്ചക്കറികൾ കേടുകൂടാതെ ശുചിത്വമുള്ള സാഹചര്യത്തിൽ സൂക്ഷിക്കുകയും വേണം. ഒരിക്കൽ ഉപയോഗിച്ച എണ്ണ വീണ്ടും പാചകത്തിന് ഉപയോഗിക്കരുത്. ആവശ്യമായ പച്ചക്കറികൾ മാത്രം തൊലി നീക്കം ചെയ്തു വൃത്തിയാക്കി പാചകത്തിനായി തയ്യാറാക്കണം. പാകം ചെയ്തതും ചെയ്യാത്തതുമായ ഭക്ഷണസാധനങ്ങൾ തുറന്നുവെക്കാൻ പാടില്ല, ഈച്ചകൾ, മറ്റ് പ്രാണികൾ, പൊടി എന്നിവ കടക്കാത്തവിധം ഭക്ഷണപദാർഥങ്ങൾ എപ്പോഴും അടച്ചുവെക്കുകയും ശരിയായ രീതിയിൽ സംഭരിക്കുകയും വേണം.തീർത്ഥാടന കാലത്ത് വിവിധ സംസ്ഥാനങ്ങളിൽനിന്ന് ലക്ഷക്കണക്കിന് ആളുകൾ എത്തുന്ന സാഹചര്യത്തിൽ പകർച്ച വ്യാധികൾ, വയറിളക്ക രോഗങ്ങൾ ഉൾപ്പെടെയുള്ള ജലജന്യഭക്ഷ്യജന്യ രോഗങ്ങളും മറ്റ് പകർച്ചവ്യാധികളും വ്യാപിക്കാനുള്ള സാധ്യത കണക്കിലെടുത്ത് പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കണം. ശുദ്ധമായ കുടിവെള്ളത്തിന്റെ ലഭ്യത ഉറപ്പാക്കുക, കുടിവെള്ള സംഭരണികൾ കൃത്യമായ ഇടവേളകളിൽ ശുചീകരിച്ച് അണുവിമുക്തമാക്കുക, രോഗ ലക്ഷണങ്ങളുള്ളവർ ഭക്ഷണം കൈകാര്യം ചെയ്യുന്ന ജോലികളിൽ ഏർപ്പെടരുത്. ഹോട്ടലുടമകളും വ്യാപാരികളും ജീവനക്കാരും ആരോഗ്യവകുപ്പിന്റെ നിർദേശങ്ങൾ കർശനമായി പാലിച്ച് തീർത്ഥാടകർക്ക് സുരക്ഷിതമായ ഭക്ഷണവും ശുചിത്വപൂർണമായ അന്തരീക്ഷവും ഉറപ്പാക്കാൻ സഹകരിക്കണമെന്നും ജില്ലാ മെഡിക്കൽ ഓഫീസർ യോഗത്തിൽ നിർദേശിച്ചു.

തീർത്ഥാടനകാലത്ത് പാലിക്കേണ്ട ഭക്ഷ്യസുരക്ഷാ മാനദണ്ഡങ്ങൾ, വ്യക്തിശുചിത്വം, പരിസരശുചിത്വം, മാലിന്യസംസ്കരണം, സുരക്ഷിതമായ കുടിവെള്ള വിതരണം, പകർച്ചവ്യാധി പ്രതിരോധം തുടങ്ങിയ വിഷയങ്ങളെ പറ്റി ആരോഗ്യകേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. ജിനു ജി തോമസ് യോഗത്തിൽ വിശദീകരിച്ചു.

ശബരിമല തീർത്ഥാടനം: യോഗം നാളെ

പത്തനംതിട്ട: ശബരിമല മണ്ഡലമകരവിളക്ക് മഹോത്സവത്തിന്റെ മുന്നൊരുക്കങ്ങൾവിലയിരുത്തുന്നതിനായി റവന്യൂ വകുപ്പ് മന്ത്രി എ പി അനിൽകുമാറിന്റെ അധ്യക്ഷതയിൽ നാളെ രാവിലെ 11.30ന് പമ്പ ശ്രീരാമ സാകേതം ഓഡിറ്റോറിയത്തിൽ അവലോകന യോഗം ചേരും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധ്യക്ഷർ, സെക്രട്ടറിമാർ, മറ്റ് ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുക്കും.

മികച്ച മുന്നേറ്റം നേടി വി ഗാർഡ്: അറ്റാദായം 71 ശതമാനം വർദ്ധിച്ചു

കൊച്ചി: മുൻനിര ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് ഉപകരണ നിർമാതാക്കളായ വിഗാർഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ് സെപ്റ്റംബർ 30 ന് അവസാനിച്ച 2026–27 സാമ്പത്തിക വർഷത്തിലെ രണ്ടാം പാദത്തിൽ 1852.89 കോടി രൂപ മൊത്തം വരുമാനം നേടി. മുൻ വർഷം ഇതേ പാദത്തിലെ 1340.92 കോടി രൂപയിൽ നിന്ന് 38.2 ശതമാനമാണ് വർധന. മുൻവർഷം ഇതേ പാദത്തിൽ 65.29 കോടി രൂപയായിരുന്ന അറ്റാദായം ഇത്തവണ 71% വർദ്ധിച്ച് 111.67 കോടി രൂപയിലെത്തി. ആദ്യ ആറു മാസത്തെ പ്രവർത്തനത്തിലും കമ്പനി മികച്ച പ്രകടനമാണ് കാഴ്ചവെച്ചത്.

ഈകാലയളവിലെ ആകെ ഏകീകൃത പ്രവർത്തന വരുമാനം 30.5 ശതമാനം വർധിച്ച് 3,663.54 കോടി രൂപയിലെത്തി. കഴിഞ്ഞ സാമ്പത്തിക വർഷത്തെ ആദ്യ ആറു മാസത്തിൽ ഇത് 2,807 കോടി രൂപയായിരുന്നു.വരും പാദങ്ങളിലും വിതരണവും ലാഭവും നിലനിർത്തുന്നതിന് ആവശ്യമായ നടപടികൾ വിഗാർഡ് സ്വീകരിക്കുമെന്നും വിഗാർഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ മിഥുൻ കെ.ചിറ്റിലപ്പിള്ളി പറഞ്ഞു.

വികസിത ഗ്രാമപഞ്ചായത്ത് പദ്ധതി: ബ്ലോക്ക്തല ശിൽപശാല സംഘടിപ്പിച്ചു

പന്തളം: വികസിത് ഭാരത് ഗ്യാരന്റി ഫോർ റോസ്ഗർ ആൻഡ് ആജീവിക മിഷൻ (ഗ്രാമീൺ) പദ്ധതിയുടെ ഭാഗമായി പന്തളം ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ വികസിത ഗ്രാമപഞ്ചായത്ത് പ്ലാൻ തയ്യാറാക്കുന്നതിനും വിവിധ സ്റ്റേക്ക് ഹോൾഡർമാരുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനുമായി ബ്ലോക്ക്തല ശിൽപ്പശാല സംഘടിപ്പിച്ചു. ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന അഞ്ച് ഗ്രാമപഞ്ചായത്തുകളിലും അടുത്ത അഞ്ചുവർഷത്തേക്ക് ഏറ്റെടുക്കേണ്ട വികസന പ്രവർത്തനങ്ങൾ കണ്ടെത്തുന്നതിനും മുൻഗണനാ പദ്ധതികൾ രൂപീകരിക്കുന്നതിനുമാണ് ശിൽപ്പശാല സംഘടിപ്പിച്ചത്.

ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ നടന്ന ശിൽപ്പശാല പ്രസിഡന്റ് വിനീത അനിൽ ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് സോഫിയ രാജൻ അധ്യക്ഷത വഹിച്ചു. ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർ കെ. ഇ വിനോദ് കുമാർ പദ്ധതി വിശദീകരണം നടത്തി.ഗ്രാമപഞ്ചായത്തുകളിലെ അടിസ്ഥാന സൗകര്യ വികസനത്തിന് പ്രാധാന്യം നൽകുന്ന വിവിധ പദ്ധതികളാണ് ശിൽപ്പശാലയിൽ ചർച്ചയായത്. അങ്കണവാടികളിൽ ഇന്റർലോക്ക് പാകൽ, സ്കൂളുകൾക്ക് ചുറ്റുമതിൽ നിർമാണം, പൊതുറോഡുകളുടെ നിർമാണവും നവീകരണവും തുടങ്ങിയ പ്രവർത്തനങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നിർദേശങ്ങൾ മുന്നോട്ടുവെച്ചു. ഓരോ ഗ്രാമപഞ്ചായത്തിന്റെയും പ്രാദേശിക ആവശ്യങ്ങൾക്കും വികസന മുൻഗണനകൾക്കും അനുസൃതമായി പദ്ധതികൾ കണ്ടെത്തുന്നതിനും ചർച്ച നടന്നു.ആറന്മുള ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഷാജി ചാക്കോ, തുമ്പമൺ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ടി. എ രാജേഷ് കുമാർ, മെഴുവേലി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് നെജോമോൻ, കുളനട ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് സാവിത്രി ഭദ്രൻ. പന്തളം ബ്ലോക്ക് പഞ്ചായത്ത് സ്റ്റാൻഡിങ് കമ്മിറ്റി അംഗങ്ങളായ ജേക്കബ് സ്കറിയ, വിലാസിനിയമ്മ, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളായ ഏദൻ എസ്. ജോർജ്, രഞ്ജു എം. ജോയ്, ടി. സി സന്തോഷ്കുമാർ, അപർണ ആർ. ഉത്തമൻ, ഷീജ പ്രമോദ് എന്നിവരും സംസാരിച്ചു.

ഓടക്കാലി പൗലോസിന്റെ ദുരൂഹമരണം: ജനാധിപത്യ സംരക്ഷണ സമിതി പ്രക്ഷോഭത്തിലേക്ക്

പെരുമ്പാവൂർ: അശമന്നൂർ ഗ്രാമപഞ്ചായത്ത് ഓടക്കാലി നിവാസി വെട്ടുവേലികൂടി പൗലോസ് (65)ന്റെ ദുരൂഹ മരണം കൊലപാതമാകാനുള്ള സംശയത്തിൽ ഉന്നത പൊലീസ് അധികാരികൾ അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ടു മരണപ്പെട്ട പൗലോസിന്റെ സഹോദരി സഹോദരന്മാർ ആലുവ റൂറൽ എസ് പിക്ക് പരാതി നൽകി.

എന്നാൽ ഈ പരാതിയുടെ അടിസ്ഥാനത്തിൽ കുറുപ്പുംപടി പൊലീസ് പൗലോസിന്റെ സഹോദരിമാരെ പൊലീസ് സ്റ്റേഷനിൽ വിളിച്ചുവരുത്തി ഒരു ദിവസം കഷ്ടപ്പെടുത്തി കുറ്റവാളികളോട് പെരുമാറുന്നത് പോലെ പെരുമാറിയാണ് മൊഴിയെടുത്തത് എന്ന് പരാതി. സെപ്റ്റംബർ 29 ന് വൈകിട്ട് പൗലോസിന്റെ മകൻ എബിയുമായി വാക്കേറ്റം ഉണ്ടായതായും നിങ്ങൾക്ക് പോയി ചത്തൂടെ എന്ന് എബി പൗലോസിനോട് ചോദിച്ചതായും ഭാര്യ ലീല സഹോദരിയോട് (മേരിയോട്) പറഞ്ഞിരുന്നു. പലപ്പോഴും പൗലോസിനെ മകൻ എബി ഉപദ്രവിക്കാറുള്ളതായി നാട്ടുകാരും സഹോദരങ്ങളും ആരോപിക്കുന്നുണ്ട്. സെപ്റ്റംബർ 29 ന് കാണാതായ പൗലോസിനെ കുറിച്ച് പോലീസിൽ വീട്ടുകാർ പരാതിപ്പെടുന്നത് ഒക്ടോബർ 2 നാണ്. ഒക്ടോബർ മൂന്നിന് മകൻ എബി സമീപത്തുള്ള ക്വാറിയിൽ നിന്ന് പൗലോസിന്റെ മൃതദേഹം കണ്ടെത്തി. അന്ന് തന്നെ പോസ്റ്റ്മോർട്ടം ചെയ്തത് മൃതദേഹം സംസ്കരിച്ചു. മൃതദേഹം കണ്ടെത്തിയതിന്റെ കൃത്യമായ സാഹചര്യം, മരണ കാരണം, മരണ സമയം, മൃതദേഹം കണ്ടെത്തിയതിന് മുൻപ് സ്വീകരിച്ച നടപടികൾ എന്നിവ ഔദ്യോഗിക രേഖകളുടെ അടിസ്ഥാനത്തിൽ പരിശോധിക്കണമെന്നാണ് ജനാധിപത്യ സംരക്ഷണ സമിതിയുടെ ആവശ്യം. ഈ വിഷയത്തിൽ ജനാധിപത്യ അവകാശ സംരക്ഷണ സമിതിയുടെ നേതൃത്വത്തിൽ ശനിയാഴ്ച ഓടക്കാലിയിൽ പ്രതിഷേധയോഗം സംഘടിപ്പിക്കുമെന്ന് സമിതി ഭാരവാഹികൾ വാർത്താസമ്മേളനത്തിൽ അറിയിച്ചു.

സമിതി സംസ്ഥാന പ്രസിഡന്റ് കെ.എം. സുബൈർ, സംസ്ഥാന സെക്രട്ടറി ജിജി മാത്യു, ജില്ലാ ആക്റ്റിംഗ് പ്രസിഡന്റ് ബാബു വേങ്ങൂർ, സംസ്ഥാന വൈസ്. പ്രസിഡന്റ് എൻ. ഗോപാലകൃഷ്ണൻ, ജില്ലാ രക്ഷാധികാരി വിനയൻ ക്രാരിയേലി, സംസ്ഥാന എക്സിക്യൂട്ടീവ് അംഗം കെ. വിജയമ്മ എന്നിവർ പങ്കെടുത്തു.

ഗതാഗത നിയന്ത്രണം

റാന്നി: കല്ല്യാണിമുക്ക് അലിമുക്ക് റോഡിൽ അറ്റകുറ്റപ്പണി നടക്കുന്നതിനാൽ നാളെയും മറ്റെന്നാളും ഇതുവഴിയുള്ള വാഹന ഗതാഗതം പൂർണമായി നിയന്ത്രിക്കുമെന്ന് റാന്നി പൊതുമരാമത്ത് നിരത്ത് ഉപവിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു. ഫോൺ: 04735 224757.

KITEX

KITEX GARMENTS LIMITED

CIN: L18101KL1992PLC006528

Regd.Office : Bldg. No.VI/496, Kizhakkambalam, Vilangu P O, Aluva, Kerala-683561 Web:www.kitexgarments.com, E-mail:sect@kitexgarments.com, Tel.0484 2585000, Fax: 0484 2680604

EXTRACT OF UNAUDITED STANDALONE AND CONSOLIDATED FINANCIAL RESULTS FOR THE QUARTER AND HALF YEAR ENDED SEPTEMBER 30, 2026

Rupees in lakhs; except EPS and unless otherwise stated

Sl No	Particulars	Standalone			Consolidated		
		Quarter Ended		Half Year Ended	Quarter Ended		Half Year Ended
		30.09.2026 (Unaudited)	30.09.2025 (Unaudited)	30.09.2026 (Unaudited)	30.09.2026 (Unaudited)	30.09.2025 (Unaudited)	30.09.2026 (Unaudited)
1	Total Income from operations	19,074.21	13,634.23	31,969.95	21,282.04	13,449.32	37,889.02
2	Net Profit / (Loss) for the period (before tax Exceptional and/or Extraordinary items)	3,347.36	(270.53)	4,840.08	2,215.12	(1,979.67)	879.88
3	Net Profit / (Loss) for the period before tax (after Exceptional and/or Extraordinary items)	3,347.36	1,479.47	4,840.08	2,215.12	(229.67)	879.88
4	Net Profit / (Loss) for the period after tax (after Exceptional and/or Extraordinary items)	2,502.84	1,087.28	3,618.74	1,370.60	(621.85)	(341.46)
5	Total Comprehensive Income for the period (Comprising Profit/(Loss) for the period (after tax) and other Comprehensive Income (after tax)	2,503.17	1,087.40	3,619.39	1,370.93	(621.73)	(340.81)
6	Equity Share Capital	1,995.00	1,995.00	1,995.00	1,995.00	1,995.00	1,995.00
7	Reserves (excluding Revaluation Reserve) as shown in the Audited Balance Sheet of the previous year	-	-	-	-	-	-
8	Earnings Per Share (of Rs.1/- each) (for continuing and discontinued operations):- Basic :	1.25	0.55	1.81	0.84	(0.08)	0.39
	Diluted:	1.25	0.55	1.81	0.84	(0.08)	0.39

Note:-
The above is an extract of the detailed format of Quarterly Financial Results filed with the Stock Exchanges under Regulation 33 of the SEBI (Listing Obligations and Disclosure Requirements) Regulations, 2015. Kindly refer Note 4 of Notes to Standalone Financial Results for the qualified opinion of Statutory Auditor. The full format of the Quarterly Financial Results are available on the Stock Exchange websites - www.nseindia.com, www.bseindia.com and on the Company's website:-www.kitexgarments.com

The above Unaudited Financial Results of the Company for the Quarter and Half year ended September 30, 2026 were reviewed and recommended by the Audit Committee and approved by the Board of Directors at their meeting held on November 02, 2026. These results have been subjected to limited review by Statutory Auditors.

Place : Kizhakkambalam
Date : November 02, 2026

By order of the Board
S/d
Sabu M Jacob
Chairman & Managing Director
DIN: 00046016

ചന്ദ്രിക

Disclaimer: ഈ പത്രത്തിൽ പ്രസിദ്ധീകരിച്ച ഏതെങ്കിലും പരസ്യങ്ങളോടു പ്രതികരിക്കും മുമ്പ് അതിന്റെ സത്യാവസ്ഥയെ കുറിച്ച് പരിശോധിക്കുകയും ആവശ്യമായ അന്വേഷണങ്ങൾ നടത്തി സ്വയം തൃപ്തരാകുകയും വേണമെന്ന് വായനക്കാരോട് അഭ്യർത്ഥിക്കുന്നു. ഈ പത്രത്തിന്റെ ഉടമസ്ഥരായ ദി മുസ്‌ലിം പ്രിന്റിങ് ആന്റ് പബ്ലിഷിങ് കമ്പനി ലിമിറ്റഡ് ഏതെങ്കിലും പരസ്യത്തിന്റെയോ പരസ്യക്കാരന്റെയോ ഏതെങ്കിലും പരസ്യക്കാരന്റെ ഉൽപന്നങ്ങളുടെയോ/സേവനത്തിന്റെയോ ആധികാരികതയെ സംബന്ധിച്ച് ഉറപ്പ് നൽകുന്നില്ല. ഈ ദിനപത്രത്തിലെ പരസ്യങ്ങളുമായി ബന്ധപ്പെട്ട് ഏതെങ്കിലും വിധത്തിലുള്ള അവകാശവാദങ്ങൾക്കോ നഷ്ടങ്ങൾക്കോ ഒരു കാരണത്താലും ഈ ദിനപത്രത്തിന്റെ/ കമ്പനിയുടെ ഉടമസ്ഥർ, പ്രസാധകർ, പ്രിന്റർ, പത്രാധിപർ, ഡയറക്ടർമാർ, തൊഴിലാളികൾ ഉത്തരവാദികളോ/ ബാധ്യസ്ഥരോ ആയിരിക്കുന്നതല്ല.

ക്ലാസിഫൈഡ്സ്

അറിയിപ്പ്

ശ്രീ. **Abdul Salam** എന്നയാളുടെ **KL07-BS-2756** നമ്പർ വാഹനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടുപോയി എന്ന് കാണിച്ച് ഡ്യൂപ്ലിക്കേറ്റ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന് അപേക്ഷിച്ചിട്ടുണ്ട്. ടി വാഹനത്തിന്റെ ഡ്യൂപ്ലിക്കേറ്റ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും എന്തെങ്കിലും പരാതിയുണ്ടെങ്കിൽ ഈ പരസ്യ തീയതി മുതൽ 15 ദിവസത്തിനകം കായംകുളം ജോയിന്റ് ആർ.ടി.യെ രേഖാമൂലം അറിയിക്കേണ്ടതാണ്. നിശ്ചിത തീയതി കഴിഞ്ഞ് ലഭിക്കുന്ന പരാതികൾ സ്വീകരിക്കുന്നതല്ല.
കായംകുളം ജോ. ആർ.ടി.ഒയ്ക്കുവേണ്ടി

അൽഫലാഹ് ഉംറ ബുക്കിങ് തുടരുന്നു
നെടുമ്പാശ്ശേരിയിൽ നിന്നും
NOVEMBER 26 15 DAYS
DECEMBER 09 15 DAYS
DECEMBER 19 10 DAYS
DECEMBER 21 15 DAYS
9388801866 8089118295
ഡയറക്ടേഴ്സ് സുഹൈൽ & സഹൽ
H.O: MUVATTUPUZHA

PASSPORT LOST

I, Azra Fathima, residing at Vettickattu, Erathuvadakara P.O. Manimala, Kottayam, have lost my Passport No. M8151643, issued at Cochin, while travelling from Erathuvadakara to Manimala, Anybody who get the Passport may please inform the nearest Police Station or contact me on the address given above.

Change of Name

I, VALLY V.K holder SSLC Book (Reg. No. 125527) here by change my name Vally Mohanan, W/o. Mohanan, residing at Mukalel, Vannapuram, Idukki Dist. Kerala-685607 as per Aadhar No.5733 5735 0354

അറിയിപ്പ്

പറവൂർ ജോയിന്റ് റീജണൽ ട്രാൻസ്പോർട്ട് ഓഫീസർ പരസ്യപ്പെടുത്തുന്നത്
KL 42- K- 6906 നമ്പർ വാഹനത്തിന്റെ ഉടമ ശ്രീ. **K G SASI** ടി വാഹനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടുപോയി എന്ന് കാണിച്ച് ഡ്യൂപ്ലിക്കേറ്റ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന് അപേക്ഷിച്ചിട്ടുണ്ട്. ടി വാഹനത്തിന്റെ ഡ്യൂപ്ലിക്കേറ്റ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും എന്തെങ്കിലും പരാതിയുണ്ടെങ്കിൽ ഈ പരസ്യ തീയതി മുതൽ 15 ദിവസത്തിനകം രേഖാമൂലം ഈ ഓഫീസിൽ അറിയിച്ചിരിക്കേണ്ടതാണ്.നിശ്ചിത തീയതി കഴിഞ്ഞ് ലഭിക്കുന്ന പരാതികൾ സ്വീകരിക്കുന്നതല്ല.
ജോയിന്റ് റീജണൽ ട്രാൻസ്പോർട്ട് ഓഫീസർ നോർത്ത് പറവൂർ

അറിയിപ്പ്

ശ്രീ. **RENY SAVIO NUNIEZ** എന്നയാളുടെ **KL43-D-1059** നമ്പർ വാഹനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടുപോയി എന്ന് കാണിച്ച് ഡ്യൂപ്ലിക്കേറ്റ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന് അപേക്ഷിച്ചിട്ടുണ്ട്. ടി വാഹനത്തിന്റെ ഡ്യൂപ്ലിക്കേറ്റ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും എന്തെങ്കിലും പരാതിയുണ്ടെങ്കിൽ ഈ പരസ്യ തീയതി മുതൽ 15 ദിവസത്തിനകം മട്ടാഞ്ചേരി ജോ.ആർ.ടി.ഒയെ രേഖാമൂലം അറിയിക്കേണ്ടതാണ്. നിശ്ചിത തീയതി കഴിഞ്ഞ് ലഭിക്കുന്ന പരാതികൾ സ്വീകരിക്കുന്നതല്ല.
മട്ടാഞ്ചേരി ജോയിന്റ് ആർ.ടി.ഒയ്ക്കുവേണ്ടി

Change of Name

I Suneer.V here by change my minor daughter's name Naja Fathima holder of PPT no L9920266 residing at POOPPILLIL HOUSE, PALAPRASSERY, CHENGAMANAD.P.O, ERNAKULAM DISTRICT, KERALA to Naja Fathima. P.S as per aadhar.

അറിയിപ്പ്

എന്റെ പിതാവ് തൊടുപുഴ താലൂക്കിൽ, തൊടുപുഴ വില്ലേജിൽ, വടക്കുംമുറി കരയിൽ, തൊടുപുഴ ഈസ്റ്റ് പി.ഓ, പിൻ- 685585 പുതിയകുന്നേൽ വീട്ടിൽ സെയ്ത് മുഹമ്മദ് മകൻ നാവൂർകനിയുടെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊടുപുഴ സബ് രജിസ്ട്രാർ ഓഫീസിലെ 22/5/1970 ലെ 1138/1970 ആം നമ്പർ തീറാധാരത്തിന്റെ അസൽ തിരിച്ചുകിട്ടാൻ ആവാത്ത വിധം ചിതലരിച്ചുനശിച്ചു പോയിട്ടുള്ളതാണ്. ടി ആധാരത്തിൽ തൊടുപുഴ വില്ലേജിലെ സർവ്വേ 173/2/1ൽ പെട്ട 1.21 ആർ വസ്തുവാണുള്ളത്. മേൽപ്പടി ആധാരം ഞാനോ എന്റെ പിതാവായ നാവൂർകനിയുടെ അനന്തരാവകാശികളോ ബാങ്കിലോ മറ്റ് സാമ്പത്തിക സ്ഥാപനങ്ങളിലോ പണയപ്പെടുത്തുകയോ മറ്റാർക്കും തീർ വിൽക്കുകയോ ചെയ്തിട്ടില്ലാത്തതാണ്. മേൽ നമ്പർ ആധാരത്തിന്റെ തൊടുപുഴ രജിസ്റ്റർ ഓഫീസിൽ നിന്നും കിട്ടിയിട്ടുള്ള അടയാള സഹിതം പകർപ്പ് വെച്ച് അസലിന് പകരമായി ഉപയോഗിക്കുന്നതിൽ ആർക്കെങ്കിലും എതെങ്കിലും വിധത്തിലുള്ള തർക്കങ്ങൾ ഉണ്ടെങ്കിൽ ഈ പരസ്യം കണ്ട് ഏഴു ദിവസത്തിനകം എന്നെ രേഖാമൂലം അറിയിക്കേണ്ടതാണ്.
മുഹമ്മദ് സിയാദ് S/o നാവൂർകനി, പുതിയകുന്നേൽ വീട്, തൊടുപുഴ ഈസ്റ്റ് പി.ഒ, പിൻ – 685585, തൊടുപുഴ വില്ലേജ്, തൊടുപുഴ താലൂക്ക്, ഇടുക്കി ഡിസ്ട്രിക്ട്, ഫോൺ: 8547351360
03-11-2026, തൊടുപുഴ

അറിയിപ്പ്

ശ്രീ. **SALIM P A, PALLATHUKATTIL [H], HMT JUNCTION, KALAMASSERY P O, ERNAKULAM-683104** എന്നയാളുടെ **KL07-BS-0754** നമ്പർ വാഹനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടുപോയി എന്ന് കാണിച്ച് ഡ്യൂപ്ലിക്കേറ്റ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന് അപേക്ഷിച്ചിട്ടുണ്ട്. ടി വാഹനത്തിന്റെ ഡ്യൂപ്ലിക്കേറ്റ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും എന്തെങ്കിലും പരാതിയുണ്ടെങ്കിൽ ഈ പരസ്യ തീയതി മുതൽ 15 ദിവസത്തിനകം എറണാകുളം ആർ.ടി.ഒയെ രേഖാമൂലം അറിയിക്കേണ്ടതാണ്. നിശ്ചിത തീയതി കഴിഞ്ഞ് ലഭിക്കുന്ന പരാതികൾ സ്വീകരിക്കുന്നതല്ല.
ആർ.ടി.ഒയ്ക്കുവേണ്ടി

അറിയിപ്പ്

ശ്രീ. **ANJALI V NAIR, CHENNAMVELIYIL, THENGODE P.O, KAKKANAD, ERNAKULAM -682030** എന്നയാളുടെ **KL07-CU-3757** നമ്പർ വാഹനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടുപോയി എന്ന് കാണിച്ച് ഡ്യൂപ്ലിക്കേറ്റ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന് അപേക്ഷിച്ചിട്ടുണ്ട്. ടി വാഹനത്തിന്റെ ഡ്യൂപ്ലിക്കേറ്റ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും എന്തെങ്കിലും പരാതിയുണ്ടെങ്കിൽ ഈ പരസ്യ തീയതി മുതൽ 15 ദിവസത്തിനകം എറണാകുളം ആർ.ടി.ഒയെ രേഖാമൂലം അറിയിക്കേണ്ടതാണ്. നിശ്ചിത തീയതി കഴിഞ്ഞ് ലഭിക്കുന്ന പരാതികൾ സ്വീകരിക്കുന്നതല്ല.
ആർ.ടി.ഒയ്ക്കുവേണ്ടി

അറിയിപ്പ്

ശ്രീ. **ANTONY VALENTINE DCRUZ** എന്നയാളുടെ **KL07-CD-2994** നമ്പർ വാഹനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടുപോയി എന്ന് കാണിച്ച് ഡ്യൂപ്ലിക്കേറ്റ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന് അപേക്ഷിച്ചിട്ടുണ്ട്. ടി വാഹനത്തിന്റെ ഡ്യൂപ്ലിക്കേറ്റ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും എന്തെങ്കിലും പരാതിയുണ്ടെങ്കിൽ ഈ പരസ്യ തീയതി മുതൽ 15 ദിവസത്തിനകം മട്ടാഞ്ചേരി ജോ.ആർ.ടി.ഒയെ രേഖാമൂലം അറിയിക്കേണ്ടതാണ്. നിശ്ചിത തീയതി കഴിഞ്ഞ് ലഭിക്കുന്ന പരാതികൾ സ്വീകരിക്കുന്നതല്ല.
മട്ടാഞ്ചേരി ജോയിന്റ് ആർ.ടി.ഒയ്ക്കുവേണ്ടി